ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:16.01.2025**

## പ്രധാനവാർത്തകൾ

1). **ബഹിരാകാശ രംഗത്ത് പുതുചരിത്രം സൃഷ്ടിച്ച് ഇന്ത്യ. ഐ.എസ്.ആർ.ഒ യുടെ സ്പേസ് ഡോക്കിങ് പരീക്ഷണമായ സ്പെയ്ഡെക്സ് ദൗത്യം വിജയകരമായി പൂർത്തിയാക്കി.**

2). **കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണറുടെ നയ പ്രഖ്യാപനത്തോടെ നാളെ തുടക്കമാകും.**

3). **ഐ.ടി മേഖലയിലെ പങ്കാളിത്തത്തിൽ സംസ്ഥാനം വൻ മുന്നേറ്റം കൈവരിച്ചതായി മന്ത്രി പി രാജീവ്. വ്യവസായ സൗഹൃദ സംസ്ഥാനങ്ങളിൽ മുന്നിലെത്താനായത് സർവമേഖലകളെയും ഏകോപിപ്പിച്ച് പ്രവർത്തിപ്പിച്ചതിനാലെന്ന് മന്ത്രി.**

4). **വിദേശകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന കൊച്ചി ഡയലോഗ് 2025-ന്റെ ആദ്യ പതിപ്പിന് ഇന്ന് തുടക്കം. കേന്ദ്ര സഹമന്ത്രി കീർത്തിവർദ്ധൻ സിങ് ഉദ്ഘാടനം ചെയ്യും.**

5). **ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്.സി മുംബൈ സിറ്റി എഫ്.സി യെ നേരിടും.**

RNU TVPM

==============================================

## ഐ.എസ്.ആർ.ഒ - സ്പെയ്ഡെക്സ്

ബഹിരാകാശ രംഗത്ത് മറ്റൊരു ചരിത്രം സൃഷ്ടിച്ച് ഇന്ത്യ. ബഹിരാകാശ പേടകങ്ങളെ ഭൂമിയുടെ ഭ്രമണപഥത്തിൽവച്ച് കൂട്ടിയോജിപ്പിക്കുന്ന സ്പേസ് ഡോക്കിങ് പരീക്ഷണമായ സ്പെയ്ഡെക്സ് ദൗത്യം ഐ.എസ്.ആർ.ഒ വിജയകരമായി പൂർത്തിയാക്കി. വിക്ഷേപണത്തിന് ശേഷമുള്ള നാലാം പരിശ്രമത്തിലാണ് ചേസർ, ടാർഗറ്റ് എന്നീ ഉപഗ്രഹങ്ങളെ ബഹിരാകാശത്ത് വെച്ച് കൂട്ടി യോജിപ്പിച്ചത്. ഇതോടെ സ്പേസ് ഡോക്കിങ് വിജയകരമായി പൂർത്തിയാക്കുന്ന നാലാമത്തെ രാജ്യമായി ഇന്ത്യ മാറി.

==============================================

## കേരള നിയമസഭ

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണറുടെ നയ പ്രഖ്യാപനത്തോടെ നാളെ തുടക്കമാകും.

ഫെബ്രുവരി 7 നാണ് സംസ്ഥാന ബജറ്റ്. ഈ മാസം 17 മുതൽ മാർച്ച് 28 വരെയുള്ള കാലയളവിൽ 27 ദിവസമായിരിക്കും സഭ ചേരുക. നയപ്രഖ്യാപനത്തിൻമേലുള്ള നന്ദിപ്രമേയ ചർച്ചകൾ ജനുവരി 20 മുതൽ 22 വരെയും, സംസ്ഥാന ബജറ്റിന്മേലുള്ള ചർച്ച ഫെബ്രുവരി 10 മുതൽ 12 വരെയും നടക്കുമെന്ന് സ്പീക്കർ എ.എൻ ഷംസീർ അറിയിച്ചു.

==============================================

## മന്ത്രി പി രാജീവ് - (ഇൻട്രോ)

ഐ.ടി മേഖലയിലെ പങ്കാളിത്തത്തിൽ സംസ്ഥാനം വൻ മുന്നേറ്റം കൈവരിച്ചതായി മന്ത്രി പി രാജീവ്. കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ഐടി കമ്പനികളുടെ മേധാവികളുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നടത്തിയ

RNU TVPM

കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നിക്ഷേപക സംഗമത്തിന് മുന്നോടിയായാണ് പരിപാടി സംഘടിപ്പിച്ചത്. ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഈസ് ഓഫ് ഡൂയിങ് ബിസിനെസ്സിൽ മുന്നിലെത്താനായത് എല്ലാ മേഖലകളെയും സർക്കാർ ഏകോപിപ്പിച്ച് പ്രവർത്തിച്ചതിനാലാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

**(വോയിസ്..........................)**

==============================================

**കൊച്ചി - കീർത്തിവർദ്ധൻ സിങ്**

വിദേശകാര്യ മന്ത്രാലയത്തിന്റെയും കൊച്ചിയിലെ സെൻറർ ഫോർ പബ്ലിക് പോളിസി റിസർച്ചിൻറെയും സംയുക്താഭി മുഖ്യത്തിൽ സംഘടിപ്പിക്കുന്ന കൊച്ചി ഡയലോഗ് 2025 - ൻ്റെ ആദ്യ പതിപ്പ് ഇന്ന് വൈകിട്ട് കൊച്ചിയിൽ കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധൻ സിങ് ഉദ്ഘാടനം ചെയ്യും. ഇന്ത്യയും ജിസിസി രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിന് നയ രൂപീകരണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നവരും, നയതന്ത്രജ്ഞരും വ്യവസായ പ്രമുഖരും മറ്റും രണ്ട് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കും. ഗൾഫ് കോപ്പറേഷൻ കൗൺസിൽ സെക്രട്ടറി ജനറൽ ജാസിം മുഹമ്മദ് അൽ ബുദൈവി ചടങ്ങിൽ പ്രത്യേക പ്രഭാഷണം നടത്തും.

==============================================

**കൊല്ലം - ജലവിഭവ മന്ത്രി**

ഇൻറർനാഷണൽ കോൺഫറൻസ് ഓൺ ജെന്റർ ആന്റ് ടെക്നോളജി ഇന്ന് മുതൽ ഞായറാഴ്ച വരെ കൊല്ലം അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസിൽ നടക്കും.

RNUTVPM

വൈകുന്നേരം നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര ജലശക്തി സഹമന്ത്രി രാജ് ഭൂഷൺ ചൗധരി പങ്കെടുക്കും.

==========================================

**കാർഷിക ഹൂണാർ ഹബ്ബ്**

ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ പ്രധാനമന്ത്രി ജനവികാസ് കാര്യക്രം പ്രകാരം കോട്ടയം ഈരാറ്റുപേട്ടയിൽ ആരംഭിക്കുന്ന കാർഷിക ഹൂണാർ ഹബ്ബിൻറെയും വനിതാ നൈപുണ്യവികസനകേന്ദ്രത്തിന്റെയും നിർമാണോദ്ഘാടനം ഇന്ന് .കടുവാമൂഴിയിൽ കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.കാർഷിക വ്യാപാര,സംരംഭകത്വ മേഖലയുടെ പുരോഗതി ലക്ഷ്യമിട്ടുള്ളതാണ് അഗ്രികൾച്ചർ ഹൂണാർ ഹബ്ബ്. വനിതകളുടെ നൈപുണ്യവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനായുള്ളതാണ് നൈപുണ്യവികസന കേന്ദ്രം.

RNU TVPM

==========================================

**ഇടുക്കി ഹരിതകുപ്പികൾ-(ഇൻട്രോ)**

പൂർണ്ണമായും ജൈവികമായി നിർമാർജനം ചെയ്യാവുന്ന ഹരിത കുപ്പികളിൽ ശുദ്ധജലം വിതരണം ചെയ്യാൻ തയ്യാറെടുത്ത് സർക്കാർ കുപ്പിവെള്ള കമ്പനി ഹില്ലി അക്വ. ചോളം, കരിമ്പ് എന്നിവയുടെ പശയിൽ നിന്നാണ് ഹരിത കുപ്പികൾ ഉൽപ്പാദിപ്പിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

**(വോയിസ്......)**

==========================================

**ആർ.എൽ വി രാമകൃഷ്ണൻ**

കേരള കലാമണ്ഡലത്തിൻറെ ചരിത്രത്തിലെ ആദ്യ നൃത്താധ്യാപകനായി ആർ.എൽ.വി. രാമകൃഷ്ണൻ ചുമതലയേറ്റു. ഭരതനാട്യം വിഭാഗം അസി. പ്രൊഫസറായാണ് അദ്ദേഹം ഇന്ന് ജോലിയിൽ പ്രവേശിച്ചത്. വലിയ അഭിമാനവും സന്തോഷവുമുണ്ടെന്ന് അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

==========================================

**കണ്ണൂർ -ആദിവാസി യുവതി**

കണ്ണൂർ കണ്ണവം വനമേഖലയിൽ രണ്ടാഴ്ച മുൻപ് കാണാതായ ആദിവാസി യുവതിയ്ക്കായുള്ള തെരച്ചിൽ പുനരാരംഭിച്ചു. തിരച്ചിൽ സജീവമാക്കാൻ കെ.പി.മോഹനൻ എം.എൽ.എ.യുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനമെടുത്തിരുന്നു.

==========================================

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================

**മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 19-ന്. ഈ വർഷത്തെ ആദ്യ മൻ കി ബാത് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും mygov ഓപ്പൺ ഫോറത്തിലോ 1800 11 7800 എന്ന ടോൾഫ്രീ നമ്പറിലോ നാളെ വരെ പങ്കുവയ്ക്കാവുന്നതാണ്.

==========================================

RNU TVPM

**ഗോപൻ സ്വാമി സമാധി**

നെയ്യാറ്റിൻകര സ്വദേശി ഗോപൻ സ്വാമിയുടെ സമാധി വിവാദത്തെ തുടർന്ന് കല്ലറ തുറന്ന് മൃതദേഹം പുറത്തെടുത്തു. പൊലീസ് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി പോസ്റ്റ് മോർട്ടത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി. കനത്ത പോലീസ് സുരക്ഷയിലാണ് കല്ലറ പൊളിച്ചത്.കല്ലറ തുറക്കുന്ന നടപടിയിൽ ഗോപൻ സ്വാമിയുടെ കുടുംബം പൂർണമായി സഹകരിച്ചു.ഗോപൻ സ്വാമിയുടെ സമാധി സ്ഥലം പൊളിച്ച് പരിശോധന നടത്തണമെന്നുള്ള ആർഡിഒയുടെ ഉത്തരവ് സ്റ്റേ ചെയ്യണമെന്ന കുടുംബത്തിൻറെ ആവശ്യം ഇന്നലെ ഹൈക്കോടതി തള്ളിയിരുന്നു.

==========================================

**പാലക്കാട് പുഷ്പോത്സവം - (ഇൻട്രോ)**

ജലസേചന വകുപ്പും പാലക്കാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന മലമ്പുഴ ഉദ്യാനത്തിലെ പുഷ്പോത്സവത്തിന് തുടക്കമായി.

RNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....**
**(വോയിസ്..........)**

==========================================

**ഐ.എസ്.എൽ**

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്.സി മുംബൈ സിറ്റി എഫ്.സി യെ നേരിടും. രാത്രി 7.30-ന് ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

==========================================

**കടുവ**

വയനാട് പുൽപ്പള്ളി മേഖലയിൽ ഭീതി പരത്തുന്ന കടുവയെ കണ്ടെത്താൻ കഴിഞ്ഞില്ല. തൂപ്ര അംഗണവാടി പരിസരം കേന്ദ്രീകരിച്ചാണ് പരിശോധന നടക്കുന്നത്. കൂടുതൽ ആർ ആർ ടി അംഗങ്ങളും തെരച്ചിലിനുണ്ട്. കടുവയെ കണ്ടാൽ ഉടൻ മയക്കുവെടി വെക്കുമെന്ന് വനംഉദ്യോഗസ്ഥർ പറഞ്ഞു.

============================================

**അറസ്റ്റ് - ഡിസി ബുക്ക്**

സി പി ഐ എം കേന്ദ്ര കമ്മിറ്റി അംഗം ഇപി ജയരാജന്റെ ആത് മകഥാ വിവാദത്തിൽ ഡിസി ബുക്ക് പ്രസിദ്ധീകരണ വിഭാഗം മുൻ മേധാവി എവി ശ്രീകുമാറിന്റെ അറസ്റ്റ് രേഖപ്പെടുത്തി. കോട്ടയം ഈസ്റ്റ് പൊലീസ് സ്റ്റേഷനിൽ ഹാജരായ ഇവി ശ്രീകുമാറിന്റെ അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു.

RNUTVPM

============================================

**എം. ആർ. രവി അന്തരിച്ചു**

സ്വകാര്യ ബസിടിച്ച് ആലപ്പുഴ ജില്ലാ കോൺഗ്രസ് നിർവാഹക സമിതി അംഗം എം. ആർ. രവി അന്തരിച്ചു. തൈക്കാട്ടുശ്ശേരി ബ്ളോക്ക് കോൺഗ്രസ് കമ്മിറ്റി മുൻ പ്രസിഡന്റായിരുന്നു. ഇന്ന് വെളുപ്പിന് പ്രഭാത നടത്തയ്ക്കിടെ ചേർത്തല-അരൂക്കുറ്റി റോഡിൽ കുഞ്ചരം കവലക്ക് സമീപം സ്വകാര്യ ബസിടിച്ചാണ് അന്ത്യം സംഭവിച്ചത്.

============================================

**ചിൽഡ്രൻസ് ഹോം കൊലപാതകം**

തൃശൂർ രാമവർമ്മപുരം ചിൽഡ്രൻസ് ഹോമിൽ പതിനഞ്ച് വയസുകാരൻ പതിനേഴ് വയസുകാരനെ തലയ്ക്കടിച്ചു കൊലപ്പെടുത്തി. ഇരിങ്ങാലക്കുട സ്വദേശി അഭിഷേക് ആണ് കൊല്ലപ്പെട്ടത്. ഇന്ന് രാവിലെ ആറരയോട് കൂടിയാണ് സംഭവം.

==========================================

**യൂത്ത് കോൺഗ്രസ്**

യൂത്ത് കോൺഗ്രസ് ദേശീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന യങ്ങ് ഇന്ത്യ കെ ബോൽ പരിപാടിയുടെ രജിസ്ട്രേഷൻ ആരംഭിച്ചതായി ദേശീയ സെക്രട്ടറി എച്ച് എം ജ്യോതിഷ് കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. യുവജനങ്ങളുടെ കാര്യശേഷിയും പ്രസംഗ പാടവവും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണ് പരിപാടി സംഘടിപ്പിക്കുന്നത്

==========================================

**ഷാരോൺ വധക്കേസ് വിധി നാളെ**

കോളിളക്കം സൃഷ്ടിച്ച തിരുവനന്തപുരം നെയ്യാറ്റിൻകര ഷാരോൺ വധക്കേസിൽ നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി നാളെ വിധി പ്രസ്താവിക്കും. മൂന്ന് വർഷത്തെ വിചാരണയ്ക്ക് ശേഷമാണ് വിധി വരുന്നത്. കാമുകനായ ഷാരോൺ രാജിനെ ഗ്രീഷ്മ കഷായത്തിൽ വിഷം നൽകി കൊലപ്പെടുത്തിയെന്നാണ് കേസ്. ഗ്രീഷ്മയുടെ മാതാവും അമ്മാവനും കേസിൽ പ്രതികളാണ്.

==========================================

**കെജിഎംഒഎ**

കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷന്റെ 58-ാാം സംസ്ഥാന സമ്മേളനം- വന്ദനം 2025 ശനി, ഞായർ ദിവസങ്ങളിലായി കോട്ടയത്ത് നടക്കും.

==========================================

RNUTVPM